പത്ത്

## കൃതജ്ഞത

ചെറിയ ഒരു കുട്ടി അതാ വരുന്നു. നിങ്ങൾ അവനെ തന്നെ നോക്കി നിന്നു. അവന് ഒരു കാലില്ല, കണ്ണ് രണ്ടും കാണുന്നുമില്ല. തപ്പിത്തടഞ്ഞാണ് അവൻെറ വരവ്. പാവം. അല്ലേ?

അവനെ കണ്ടിട്ട് നിങ്ങൾക്കെന്താ തോന്നിയത്? പാവം എന്നല്ലേ? അതെ. അങ്ങനെ തന്നെയാണ് തോന്നേണ്ടത്. കാരണം, നിങ്ങളെ ആരോഗ്യത്തോടെയും അവനെ ആ രീതിയിലും സൃഷ്ടിച്ചത് ഒരു ദൈവമാണല്ലോ. ആ കുട്ടിയെ കണ്ടപ്പോൾ നിങ്ങൾക്ക് ദൈവത്തോട് വല്ലതും തോന്നിയോ?

ഇല്ലേ? അത് ശരിയല്ല. തോന്നണം. നിങ്ങൾ അങ്ങനെ വല്ല കാഴ്ചയും കണ്ടാൽ ഉടനെ ദൈവത്തെ സ്തുതിക്കണം. കാരണം, ദൈവം നിങ്ങളെ ആ കുട്ടിയെപ്പോലെ ആക്കിയില്ലല്ലോ. അതിനാണ് അവനെ സ്തുതിക്കണമെന്നു പറഞ്ഞത്.

നമ്മുടെ ജീവിതത്തിൽ ഉണ്ടാകുന്ന ഓരോ കാര്യത്തിനും ദൈവത്തിന് നന്ദി പറയണം. നമ്മുടെ കാൽ എവിടെയെങ്കിലും തട്ടി അല്പം മുറിവ് പറ്റിയാലും അങ്ങനെയാണ് ചെയ്യേണ്ടത്. കാരണം, നിങ്ങളുടെ കാൽ ഒടിഞ്ഞുപോയില്ലല്ലോ. അതിനു തന്നെയാണ് ആ നന്ദി പറയൽ. അങ്ങനെ പറയുന്നതും പുണ്യമാണ്.

നന്ദിയുള്ള മനസ്സായിരിക്കണം എപ്പോഴും നമ്മുടെത്. കാരണം, നാം ശ്വസിക്കുന്നതുപോലും ദൈവത്തിൻെറ കാരുണ്യം കൊണ്ടാണ്. അവനതിന് കഴിവ് തന്നില്ലെങ്കിൽ നാം പിന്നെ എങ്ങനെ ജീവിക്കും? നമുക്ക് സ്നേഹമുള്ള മാതാപിതാക്കളെ അവൻ തന്നില്ലേ? ജീവിത സൗകര്യം തന്നില്ലേ? അത്ര സൗകര്യമില്ലാത്ത എത്ര പാവങ്ങളുണ്ട് നമുക്ക് ചുറ്റും?

മാതാപിതാക്കളോടും വേണം നമുക്ക് നന്ദിയും ബഹുമാനവുമൊക്കെ. അവരാണ് നമ്മെ പോറ്റിവളർത്തുന്നത്. അവർ നമ്മെ ശ്രദ്ധിക്കുന്നില്ലെങ്കിൽ നമ്മുടെ അവസ്ഥ എന്തായിരിക്കുമെന്ന് ചിന്തിച്ചിട്ടുണ്ടോ?

നമ്മുടെ ഗുരുനാഥന്മാരോടും നമുക്ക് നന്ദി കാണിക്കൽ നിർബന്ധമാണ്. ഒന്നും അറിയാത്ത നമ്മെ അവർ എന്തെല്ലാം കാര്യങ്ങൾ പഠിപ്പിച്ചു യോഗ്യരാക്കുന്നുണ്ട് എന്ന് ചിന്തിച്ചിട്ടുണ്ടോ?

ആരെങ്കിലും വല്ല ഉപകാരവും ചെയ്തു തന്നാൽ അവരോടും നാം നന്ദി കാണിക്കണം. നന്ദിയുണ്ടെങ്കിൽ മാത്രമേ നമ്മുടെ മനസ്സുകൾ നന്നാവുകയുള്ളൂ. നന്ദി കാണിക്കുന്ന ആളുകളാണ് നല്ല മനുഷ്യർ. കാരണം, അവരുടെ മനസ്സ് എപ്പോഴും സ്നേഹം നിറഞ്ഞതും വിനയം ഉള്ളതുമായിരിക്കും. അവരെയാണ് ദൈവം ഇഷ്ടപ്പെടുക. അത്തരം ആളുകൾക്ക് അവൻ ധാരാളം നന്മകൾ ചെയ്തു കൊടുക്കും.

നന്ദിയില്ലാത്ത മനുഷ്യർ പിശാചിനെപ്പോലെയാണ്. അവരുടെ മനസ്സിൽ എപ്പോഴും ദുർമോഹവും അഹങ്കാരവുമായിരിക്കും. ദൈവം അത്തരക്കാരെ വെറുക്കുകയാണ് ചെയ്യുന്നത്.

കൂടുതൽ പഠിച്ചു വലിയവരാകാൻ നാം ഓരോരുത്തരും ആഗ്രഹിക്കുന്നവരല്ലേ? അതിനാൽ നാം ദൈവത്തോട് കൂടുതൽ നന്ദിയുള്ളവരായി ജീവിക്കണം.